"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിലെ ചടയമംഗലം, കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.7188/2022**-ന്റെ **03.01.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3870/2023/GEDN തീയതി,തിരുവനന്തപുരം, 30-06-2023

---

പരാമർശം:-

1. കൊല്ലം ജില്ലയിലെ ചടയമംഗലം, കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്-ന്റെ **03.07.2021** ലെ ഹർജി (എക്സിബിറ്റ് പി6)
2. കൊല്ലം ജില്ലയിലെ ചടയമംഗലം, കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.7188/2022**-ന്റെ **03.01.2023**-ലെ വിധിന്യായം
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **20.04.2023** ലെ **DEOPLR/878/2023-B6** നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **24.04.2023** ലെ ഇറ്റി5/**6475/2023**/ഡിജിഇ നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **30.04.2023** ലെ **DDEKLM/1127/2022-B6** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ചടയമംഗലം, കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.7188/2022**-ന്റെ **03.01.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ **04.05.2023**-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു:

"ഹർജിക്കാരിയായ ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്. നെ ചടയമംഗലം കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിൽ മാനേജർ 01.06.2010 മുതൽ അനുവദനീയമായ എച്ച്.എസ്.എ.(ഇംഗ്ലീഷ്) അധിക തസ്തികയിൽ നിയമിച്ചു. നിയമനാംഗീകാരത്തിനുള്ള ശിപാർശ യഥാസമയം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും അധിക തസ്തികകളിൽ നിയമന നിരോധനം നിലനിൽക്കുന്നു എന്ന കാരണത്താൽ നിരസിച്ച് ഉത്തരവായി. 17.08.2015ലെ ജി.ഒ.(പി)317/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2006-2007 മുതൽ അധിക തസ്തികകളിലെ നിയമന നിരോധനം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. തുടർ ന്ന് 12.01.2010ലെ ജി.ഒ.(പി)10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നിയമന നിരോധന കാലയളവുകളിലെ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 01.06.2010ന് ശേഷമുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണെന്ന് 12.01.2010ലെ ജി.ഒ.(പി)10/2010/പൊ.വി.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ തദനുസൃതമായ ബോണ്ട് മാനേജർ സമർപ്പിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഹർ ജിക്കാരിയുടെ 01.06.2010 മുതലുള്ള നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചത്. തുടർന്ന് 01.10.2011-ലെ ജി.ഒ.(പി)199/2011/പൊ.വി.വ നമ്പർ പ്രകാരം 01.06.2011 പ്രാബല്യത്തിൽ നടപ്പാക്കിയ അദ്ധ്യാപക പാക്കേജ് പ്രകാരം ഹർജിക്കാരിയുടെ നിയമനം 01.06.2011 പ്രാബല്യത്തിൽ മാത്രം അംഗീകരിച്ചു. ആയതിനാൽ ഹർജിക്കാരിയുടെ 01.06.2010 മുതൽ 31.05.2011 വരെയുള്ള കാലയളവിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധിക തസ്തികയിലെ സേവന കാലയളവാണ് അംഗീകരിക്കപ്പെടാനുള്ളത്.

നിയമന നിരോധന കാലയളവിലെ സേവന കാലയളവ് 12.01.2010ലെ ജി.ഒ.(പി)10/2010/പൊ.വി.വ നമ്പർ പ്രകാരമുള്ള ബോണ്ട് മാനേജർമാർ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ അംഗീകരിക്കാതിരുന്ന സാഹചര്യത്തിൽ നിരവധി അദ്ധ്യാപകർ കേരള ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിട്ട് ഹർജികളിലെ വിധിന്യായങ്ങളിൽ, മാനേജർമാർ ബോണ്ട് കൊടുത്തിട്ടില്ല എന്ന കാരണത്താൽ മാത്രം അദ്ധ്യാപകരുടെ നിയമനാംഗീകാരം നിഷേധിക്കുന്നത് നീതി നിഷേധമാണെന്നും ആയതിനാൽ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്തും ബോണ്ടിലെ വ്യവസ്ഥകൾ മാനേജർക്ക്

ബാധകമാക്കിയും നിയമന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കുന്നതിന് കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത റിട്ട് ഹർജികളിലെ വിധിന്യായത്തിന്മേൽ സർക്കാർ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചു. അപ്രകാരം സമർപ്പിക്കപ്പെട്ട **WA No.2290/2015** നമ്പർ റിട്ട് അപ്പീൽ ഉൾപ്പെടെയുള്ള വിധിന്യായങ്ങളിൽ സിംഗിൾ ബെഞ്ചിന്റെ റിട്ട് ഹർജികളിലെ വിധിന്യായങ്ങൾ കോടതി ശരി വെക്കുകയും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമനാംഗീകാരം നൽകുന്നതിന് വിധിയായിട്ടുള്ളതുമാണ്. കൂടാതെ **WA No.2091/2018** നമ്പർ ഉൾപ്പെടെയുള്ള പൊതു വിധിന്യായത്തിലും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമന നിരോധനന കാലയളവിലെ സേവന കാലയളവ് അംഗീകരിക്കുന്നതിന് കോടതി വിധിയായിട്ടുള്ളതാണ്.

സമാന തരത്തിലുള്ളതാണ് ഹർജിക്കാരിയായ ശ്രീമതി.ശാന്തികൃഷ്ണ.ജി.എസ്., എച്ച്.എസ്.ടി.(ഇംഗ്ലീഷ്) യുടെ അധിക തസ്തികയിലെ **01.06.2010** മുതലുള്ള നിയമനം. ആയതിനാൽ കോടതി വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സമാന തരത്തിൽ നിയമനനിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ട നിരവധി അദ്ധ്യാപകരുടെ നിയമനങ്ങൾ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് കോടതി വിധിയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പരിഗണനാവിഷയമായ ഹർജിക്കാരിയുടെ **01.06.2010** മുതൽ **31.05.2011** വരെയുള്ള എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ സേവന കാലയളവും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമാനുസൃതമായി അംഗീകരിക്കപ്പെടേണ്ടതാണ്. ഇപ്രകാരം നിയമനാംഗീകാരം നൽകുമ്പോൾ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനുള്ള ബോണ്ടിലെ, മാനേജർക്ക് ബാധകമായ, വ്യവസ്ഥ സുപ്രീംകോടതിയിൽ നിലവിലിരിക്കുന്ന കേസ്സുകളുടെ വിധിന്യായത്തിന് അനുസൃതമായി നിലനിർത്താവുന്നതുമാണ്. ആയതിനാൽ ഹർജിക്കാരിയായ ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്.-ന്റെ **01.06.2010** മുതൽ **31.05.2011** വരെയുള്ള എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ നിയമന കാലയളവ് മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിച്ച് തദനുസൃതമായ നിർദ്ദേശം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി കോടതി വിധി നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു."

**3)** വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കുറ്റിക്കാട് സി.പി.എച്ച്.എസ്-ൽ **2010-11** വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം ലഭിച്ച എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ന്റെ പ്രതീക്ഷിത അധിക തസ്തികയിൽ **01.06.2010** മുതൽ ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്.-നെ നിയമിച്ചിരുന്നു. പ്രസ്തുത നിയമനം **2010-11** വർഷത്തെ അധിക തസ്തികയിലെ നിയമനങ്ങൾ, **12.01.2010** തീയതിയിലെ ജി.ഒ(പി) നം.**10/10**/പൊ.വി.വ നമ്പർ ഉത്തരവു പ്രകാരം സംരക്ഷിത അധ്യാപകരെകൊണ്ട് നികത്തണം എന്ന കാരണത്താൽ പുനലൂർ ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു.

**17.05.2005**-ലെ സർക്കാർ ഉത്തരവ് നം.**317/2005**/പൊ.വി.വ പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നു. **12.01.2010**-ലെ ജി.ഒ.(പി)നം.**10/10**/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് തുല്യ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിച്ചുകൊള്ളാം എന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം നിയമനങ്ങൾ അംഗീകരിച്ചു നൽകാം എന്ന് ഉത്തരവുണ്ടായി. എന്നാൽ കുറ്റിക്കാട് സി.പി.എച്ച്.എസ്സിലെ മാനേജർ **10/10** പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ചിരുന്നില്ല.

ജി.ഒ(പി)നം.**199/2011** തീയതി **01.10.2011** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്.-ന്റെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയുള്ള നിയമനം **01.06.2011** മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ടിയാരിയുടെ **01.06.2010** മുതൽ **03.05.2011** വരെയുള്ള മുൻകാല സേവനം അംഗീകരിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട് **01.06.2011** മുതൽ നിയമനാംഗീകാരം നൽകിയവരുടെ മുൻകാല സർവ്വീസ് അംഗീകരിക്കുന്നത് സംബന്ധിച്ച് പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ലാത്തതിനാൽ, പാക്കേജിൽ ഉൾപ്പെടുത്തുന്നതിനു മുൻപുള്ള കാലയളവിലെ നിയമനം അംഗീകരിക്കുന്നതു സംബന്ധിച്ച ബഹു.ഹൈക്കോടതിയുടെ റിട്ട് ഹർജി നം.**7188/2022** കേസിലെ **03.01.2023**-ലെ വിധിന്യായത്തിലെ **DEEMING PROVISION**" സംബന്ധിച്ച നിരീക്ഷണങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് സർക്കാരിന് ചട്ട പ്രകാരം ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്."

**4)** സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഹർജിക്കാരിയായ ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്.-നെ കുറ്റിക്കാട് സി.പി. ഹയർസെക്കന്ററി സ്കൂളിൽ 2010-11 തസ്തിക നിർണ്ണയ പ്രകാരം ലഭിച്ച എച്ച്.എസ്.ടി ഇംഗ്ലീഷിന്റെ പ്രതീക്ഷിത അധിക തസ്തികയിൽ 01.06.2010 മുതൽ മാനേജർ നിയമിച്ചു. എന്നാൽ ടി നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. തുടർന്ന് നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 12.01.2010-ലെ സ.ഉ.(പി)10/10/പൊ.വി.വ. പ്രകാരം തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന ബോണ്ട് മാനേജർ ഇതുവരെയും സമർപ്പിച്ചിട്ടില്ല. അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടതിനാൽ ഹർജിക്കാരിയുടെ 01.06.2011 മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

**5)** മേൽ സാഹചര്യത്തിൽ സമാനവിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ കണക്കിലെടുത്ത് കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശാന്തികൃഷ്ണ ജി.എസ്.-ന്റെ 01.06.2010 മുതൽ 31.05.2011 വരെയുള്ള അധിക തസ്തികയിലെ നിയമനം, ടി കാലയളവിൽ ടിയാൾക്ക് നിലനിൽക്കുവാൻ ആവശ്യമായ തസ്തിക ലഭ്യമാണെങ്കിൽ, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, സ.ഉ.(പി)നം.10/2010/പൊ.വി.വ. തീയതി 12.01.2010 പ്രകാരം സ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുള്ളതാണെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി അംഗീകരിച്ചു നൽകുന്നതിന് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം കുറ്റിക്കാട് സി.പി.ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ശാന്തികൃഷ്ണ ജി.എസ് ഫയൽ ചെയ്ത എക്സിബിറ്റ് പി6 ഹർജി തീർപ്പാക്കി, ഹർജിക്കാരി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.7188/2022-ന്റെ 03.01.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം( ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, സി.പി.ഹയർ സെക്കണ്ടറി സ്ക്കൂൾ, കുറ്റിക്കാട്, ചടയമംഗലം, കൊല്ലം

ശ്രീമതി.ശാന്തി കൃഷ്ണ ജി.എസ്., എച്ച്.എസ്.ടി.(ഇംഗ്ലീഷ്), സി.പി.ഹയർ സെക്കണ്ടറി സ്ക്കൂൾ, കുറ്റിക്കാട്, ചടയമംഗലം, കൊല്ലം

പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 30-06-2023 13:00:40

സെക്ഷൻ ഓഫീസർ